''ഭരണഭാഷ മാതൃഭാഷ'',

# വ്യാവസായിക പരിശീലനവകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ : എഫ്3/33825/2015/LDis

ശാന്തിനഗർ, തിരുവനന്തപുരം - 01
തീയതി :02/12/2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- ആം ആദ്മി ബീമാ യോജന- സ്കോളർഷിപ്പ് വിതരണം 2015-16 -സംബന്ധിച്ച്

സൂചന:- 1) 19/11/2015 ലെ 2386/CHS/2015/CHIAK നമ്പർ കത്ത്.

*********

മേൽ സൂചന കത്ത് ഉള്ളടക്കം ചെയ്യുന്നു. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കായി വിഭാവനം ചെയ്തിരിക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതിയാണ് ആം ആദ്മി ബീമാ യോജന. ഇത് പ്രകാരം അപകട/മരണ ഇൻഷ്വറൻസുകൾ കൂടാതെ 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾക്കും ഐ.ടി.ഐ ട്രെയിനികൾക്കും പ്രതിമാസം 100/- രൂപ വീതം സ്കോളർഷിപ്പ് തുകയ്ക്ക് അർഹതയുണ്ട്. ആയതിനാൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അറിയിപ്പ് എല്ലാ ഐ.ടി.ഐ കളിലും പ്രധാന്യത്തോടെ പ്രസിദ്ധീകരിക്കേണ്ടതും ട്രെയിനികളെ ബോധവത്കരിക്കുന്നതിനായി മോണിംഗ് അസംബ്ലിയിൽ വിഷയം അവതരിപ്പിക്കേണ്ടതും, അവസാന തീയതിക്കു മുമ്പ് (31/01/2016) അപേക്ഷകൾ നൽകുന്നതിനായി എല്ലാ സർട്ടിഫിക്കേഷനുകളും നൽകേണ്ടതുമാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

ആർ.02/12/2015

ചിയാക്
സമഗ്ര ആരോഗ്യ ഇൻഷുറൻസ് ഏജൻസി കേരള
A Government of Kerala Undertaking
CHIAK (Comprehensive Health Insurance Agency Kerala)

33825

നം. 2386/സിഎച്ച്5/2015/ചിയാക്                 23 NOV 2015                 തീയതി. 19/11/2015

- ഡയറക്ടർ പബ്ലിക് ഇൻസ്ട്രക്ഷൻസ്, ജഗതി, തിരുവനന്തപുരം-14.
- ഡയറക്ടർ, ഹയർ സെക്കണ്ടറി എജ്യുക്കേഷൻ, ഹൗസിംഗ് ബോർഡ്, തിരുവനന്തപുരം.
- ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി, തിരുവനന്തപുരം.
- അഡീഷണൽ ഡയറക്ടർ ഓഫ് ട്രയിനിംഗ്, ഇൻഡസ്ട്രിയൽ ട്രയിനിംഗ് ഡിപ്പാർട്ട്മൻറ്, നാലം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.

F

23/11/15

വിഷയം: ആം ആദ്മി ബീമാ യോജന നടത്തിപ്പ് - സ്കോളർഷിപ്പ് വിതരണം - 2015-16 - സംബന്ധിച്ച്.

24/11/15

ആം ആദ്മി ബീമാ യോജന പ്രകാരം 2015-16 വർഷത്തേയ്ക്കുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷ 2015 ഡിസംബർ 1 ാം തീയതി മുതൽ ആരംഭിക്കുന്ന വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കഴിഞ്ഞ വർഷങ്ങളിൽ വേണ്ടത്ര ബോധവത്ക്കരണം ലഭിക്കാത്തതിനാൽ നല്ലൊരു വിഭാഗം വിദ്യാർഥികൾക്കും സ്കോളർഷിപ്പിനു അപേക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പദ്ധതി വിശകലനം അടങ്ങിയ ഉള്ളടക്കം താങ്കളുടെ കീഴിലുള്ള (9 ാം തരം മുതൽ 12 ാം തരം വരെ - ഐ.റ്റി.ഐ ഉൾപ്പെടെ) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അയച്ചു കൊടുക്കണമെന്നും പദ്ധതി വിശകലനം അതാത് സ്കൂളിൻെറ നോട്ടീസ് ബോർഡിൽ പതിപ്പിക്കുകയും, വിദ്യാർഥികളെ ബോധവത്കരിക്കാൻ വേണ്ട നടപടി എടുക്കണമെന്ന നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിച്ചു കൊള്ളുന്നു.

വിശ്വാസപൂർവ്വം,

**എക്സിക്യൂട്ടീവ് ഡയറക്ടർ.**

**ഉള്ളടക്കം:** പദ്ധതി വിശകലനം

RSBY ചിസ് BETTER LIFE FOR ALL | ചിസ് പ്ലസ് | AABY
7th Floor, Trans Tower, Vazhuthacaud, Thiruvananthapuram - 695 014
Phone : 0471 2334457| Fax : 0471 2325535
E-mai: chiak@rediffmail.com, websit : www.chiak.org

## ആം ആദ്മി ബീമാ യോജന

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിവിധ മേഖലകളിൽപ്പെട്ട കുടുംബങ്ങൾക്കാണ് ആബി പദ്ധതിയിൽ അംഗത്വത്തിന് അർഹതയുള്ളത്. സാമൂഹിക സുരക്ഷാ പദ്ധതിയായാണ് ആം ആദ്മി ബീമാ യോജന ആവിഷ്കരിച്ചിട്ടുള്ളത്. ആരോഗ്യ ഇൻഷുറൻസിൽ നിന്നും വ്യത്യസ്തമായി രാജ്യമെമ്പാടും എൽ.ഐ.സി യുമായി ചേർനാണ് ഈ പ്രീമിയം രഹിത ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

അപേക്ഷകൻ 18 നും 59 നും വയസ്സിൽ ഇടയ്ക്കുള്ള ആളായിരിക്കണം. അപേക്ഷകൻെറ സ്വാഭാവിക മരണത്തിന് 30,000/- രൂപയും, അപകടമരണം/അപകടത്തിൽ സ്ഥായിയായ അംഗവൈകല്യം (70,000/- രൂപ) ഭാഗികമായ അംഗവൈകല്യം (37,500/- രൂപ) ആനുകൂല്യവും കൂടാതെ ഹൈസ്കൂൾ /പ്ലസ് വൺ/പ്ലസ് ടു/തത്തുല്യമായ ക്ലാസുകളിൽ (9 മുതൽ 12 ാം തരം വരെ-ഐ.റ്റി.ഐ ഉൾപ്പടെ) പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 100/- രൂപ വീതം സ്കോളർഷിപ്പ് അനുകൂല്യമായി ലഭിക്കും. ഒരു കുടുംബത്തിൽ രണ്ട് കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭ്യമാക്കുക. സ്കോളർഷിപ്പ് തുക അപേക്ഷകൻെറ ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കും.

## ചോദ്യാവലി

1. സ്കോളർഷിപ്പിന് ആർക്കാണ് അർഹതയുള്ളത്?

   രജിസ്റ്റർ ചെയ്ത അപേക്ഷകൻെറ 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന (ഐ.റ്റി.ഐ ഉൾപ്പെടെ) രണ്ടു കുട്ടികൾക്ക്.

2. അംഗങ്ങളുടെ 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുടുംബത്തിലെ അപേക്ഷകനല്ലാത്ത മറ്റംഗത്തിൻെറ കുട്ടികൾ സ്കോളർഷിപ്പിന് അർഹരാണോ?

   അല്ല.

3. എവിടെ നിന്നാണ് സ്കോളർഷിപ്പിനുള്ള അപേക്ഷ ഫോറം ലഭ്യമാക്കുക?

   ചിയാകിൻെറ വെബ്സൈറ്റായ www.chiak.org നിന്ന് ഡൗൺലോഡ് ചെയ്യവുന്നതാണ് അല്ലെങ്കിൽ എല്ലാ അക്ഷയ കേന്ദ്രങ്ങൾ വഴിയും ഫോറം ലഭ്യമാകുന്നതാണ്.

4. സ്കോളർഷിപ്പ് ഫോമിന് ഫീസ് നൽകേണ്ടതുണ്ടോ?

   അക്ഷയയിൽ നിന്നാണെങ്കിൽ ഒരു ഫോമിന് 2/- രൂപ എന്ന നിരക്കിൽ നൽകേണ്ടതാണ്.

Comprehensive Health Insurance Agency Kerala
CHIAK
Thiruvananthapuram

- 5

5. ഫോറം പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെ ആണ്,

അപേക്ഷകൻ പൂരിപ്പിക്കേണ്ട ഭാഗം പൂരിപ്പിച്ചതിനു ശേഷം, കുട്ടികൾ പഠിക്കുന്ന സ്കൂളിൽ നിന്നും അപേക്ഷാ ഫോറം പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അതിനു ശേഷം സാക്ഷ്യപ്പെടുത്തിയ അപേക്ഷ തിരികെ അക്ഷയ കേന്ദ്രത്തിൽ ഏൽപ്പിച്ച് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതാണ്. അപേക്ഷിച്ചതിനുശേഷം രസീത് കൈപ്പറ്റി, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ആബി രജിസ്ട്രേഷൻ നമ്പർ എന്നിവ ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

6. ഒരു അപേക്ഷ ഫോമിൽ എത്ര കുട്ടികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാനാകും?

ഒരു ഫോമിൽ ഒരു കുട്ടിക്ക് മാത്രമേ അപേക്ഷ നൽകുവാൻ സാധിക്കുകയുള്ളൂ. രണ്ട് കുട്ടികൾ ഉണ്ടെങ്കിൽ രണ്ടു ഫോമുകൾ വാങ്ങി പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ശേഷം ഒരുമിച്ച് അക്ഷയയിൽ ഏൽപ്പിക്കേണ്ടതാണ്.

7. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് അക്ഷയയിൽ ഫീസ് അടയ്ക്കേണ്ടതുണ്ടോ?

ഡാറ്റ എൻട്രി ഫീസായ 15 രൂപ മാത്രം നൽകിയാൽ മതിയാകും.

8. അപേക്ഷ നൽകുമ്പോൾ ഉള്ളടക്കം ചെയ്യേണ്ട രേഖകൾ എന്തൊക്കെയാണ്?

എ) പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഫോറം.
ബി) ആബി പോളിസി സർട്ടിഫിക്കറ്റ്/രജിസ്ട്രേഷൻ സ്ലിപ്പിന്റെ പകർപ്പ്.
സി) ബേങ്ക് പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ് എന്നിവ ദൃശ്യമാകുന്ന ഭാഗത്തിന്റെ പകർപ്പ്.

9. ആബി സ്കോളർഷിപ്പ് അക്ഷയയിൽ നിന്നല്ലാതെ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നും അപേക്ഷിക്കാൻ സാധിക്കുമോ?

ഇല്ല.

10. സ്കോളർഷിപ്പ് തുക എവിടുന്നാണ് ലഭ്യമാകുക?

അപേക്ഷയിൽ വ്യകതമാക്കിയിട്ടുള്ള അക്കൗണ്ട് നമ്പറിലൂടെ നേരിട്ട് എൻ.ഇ.എഫ്.റ്റി വഴി ക്രഡിറ്റ് ചെയ്യുന്നതായിരിക്കും.

11. ടോൾഫ്രീ നമ്പർ ലഭ്യമാണോ?

അതെ 1800 200 2530, കൂടാതെ എൽ.ഐ.സി യുടെ ഹെൽപ്പ് ലൈൻ നമ്പർ ആയ 0471- 2540906 ൽ നിന്നും വിവരങ്ങൾ ലഭ്യമാണ്.

12. സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അവസാന തീയതി എന്നാണ്?

2016 ജനുവരി 31.

Endorsement No: F3/23825/15 Dated /12/15
All Head of the offices under ITD Department (Through official web site)

Comprehensive Health Insurance Agency Kerala CHIAK Thiruvananthapuram

DYSA · 17/12/15